**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3290** **01-03-2023 - ൽ മറുപടിയ്ക്ക്**

**മിനിമം വേതനം നടപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സൂപ്പർ മാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും മറ്റ് സമാന സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും മിനിമം കൂലിയും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | ഉണ്ട്. സൂപ്പർമാർക്കറ്റുകളും ഷോപ്പിംഗ് മാളുകളും മറ്റ് സമാന സ്ഥാപനങ്ങളും 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്നവയാണ്. ടി മേഖലയ്ക്കായി 21/12/2016-ലെ സ.ഉ (അച്ചടി) നമ്പർ 196/2016/ തൊഴിൽ പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, മേൽ നിയമത്തിൽ തന്നെ ടി മേഖലയിലെ തൊഴിലാളികൾക്ക് നടപ്പിലാക്കേണ്ട സേവന വ്യവസ്ഥകളും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (CIS) മുഖേന നടത്തുന്ന സ്ഥാപന പരിശോധന മുഖേനയും, തൊഴിൽ വകുപ്പിന്റെ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) വഴിയും, വ്യക്തിഗതമായി ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും തൊഴിലാളികൾക്ക് മിനിമം വേതനവും സേവന വ്യവസ്ഥകളും തൊഴിലുടമ നൽകിയിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ, തൊഴിലാളികൾക്ക് മിനിമം വേതനം നൽകാത്ത തൊഴിലുടമക്കെതിരെ 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. സേവന വ്യവസ്ഥകൾ അനുവദിക്കാത്ത തൊഴിലുടമക്കെതിരെ 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ കേസ് ഫയൽ ചെയ്ത് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ